(ഡി) ഏതെങ്കിലും സംഘടനകളെ ചർച്ചകളിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കാരണമെന്ത്;

(എഫ്) ചർച്ചകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി, ഇ ആൻറ് എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഡ്രഗ്സ് കൺട്രോൾ വകുപ്പ് പുനഃസംവിധാനം ചെയ്യുന്നതിന് നടപടി

115 [1294] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പ് പുനഃസംവിധാനം ചെയ്യുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്താമോ;

(ബി) മരുന്ന് ഉപദേശക സമിതിയുടെ പ്രവർത്തനം ശക്തമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) മരുന്നുപയോഗം സംബന്ധിച്ച് ബലരാമൻ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ തസ്തികകളിലായി നടപ്പുവർഷം 40 തസ്തികകൾ അനുവദിച്ചു. വകുപ്പു പുനഃസംഘടിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

(ബി) ഉപദേശക സമിതി പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത റിപ്പോർട്ട് ഗവൺമെൻറ് പരിശോധിച്ചുവരുന്നു.

സംവരണതത്വം പാലിക്കപ്പെട്ടിട്ടില്ലെന്ന പരാതി

116 [1295] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ അസിസ്റ്റൻറ് സർജൻമാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിൽ റിസർവേഷൻതത്വം പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോ;

(ബി) 29-1-1996-ൽ പ്രസിദ്ധം ചെയ്ത ഗവൺമെൻറ് ഉത്തരവിനെ തുടർന്ന് സംവരണതത്വം പാലിക്കപ്പെടാത്തതു സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പരാതികളെ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റിസർവേഷൻതത്വം പാലിച്ച് പി. എസ്. സി. ഓഫീസിൽ നിന്നും തരുന്ന ലിസ്റ്റിൽ നിന്നുമാണ് നിയമന ഉത്തരവ് നൽകിക്കൊണ്ടിരിക്കുന്നത്.

(ബി) ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(സി) ലഭിച്ചിട്ടുള്ള പരാതി വേണ്ട നടപടികൾക്കായി പി.എസ്.സി.-ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

നേഴ്സുമാരുടെ ജോലി സമയം

117 [1296] ശ്രീ. ജോർജ്ജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിലെ നേഴ്സുമാർക്ക് മൂന്നു ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയതുമൂലം സർക്കാരിന് എന്ത് അധിക സാമ്പത്തിക, ബാദ്ധ്യത ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

118 [1297] പ്രൊഫ: മീനാക്ഷി തമ്പാൻ:
ശ്രീ. വി. വി. രാഘവൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
,, എൻ. രാജൻ:
,, പി. എസ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഴ്സിംഗ് വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(ബി) ഒരു നഴ്സിംഗ് വിദ്യാർത്ഥിക്ക് ലഭിക്കുമായിരുന്ന ആനുകൂല്യം എത്ര രൂപയായിരുന്നു;

(സി) ഈ ആനുകൂല്യങ്ങൾ നിറുത്തലാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽ നിറുത്തലാക്കി;

(ഇ) നഴ്സിംഗ് വിദ്യാർത്ഥികൾക്ക് അടുത്ത അദ്ധ്യയനവർഷം മുതൽ ഫീസ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര രൂപയാണ് ഫീസും മറ്റിനങ്ങളിലുമായി നഴ്സിംഗ് വിദ്യാർത്ഥികൾ നൽകേണ്ടി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) ഈ തീരുമാനങ്ങൾ പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly